# കേരള സാഹിത്യ അക്കാദമി

പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069, 2331103
ഇ.മെയിൽ: keralasahityaakademi@gmail.com    വെബ്സൈറ്റ്: www keralasahityaakademi.org


പത്രക്കുറിപ്പ്                                                                 14.08.2017

## കോളേജ്-സർവ്വകലാശാല അധ്യാപകരുടെയും ഗവേഷണവിദ്യാർത്ഥികളുടെയും പഠനങ്ങൾ പ്രസിദ്ധീകരിക്കുന്നു

കേരള സാഹിത്യ അക്കാദമി കോളേജ്/സർവ്വകലാശാല മലയാളഭാഷാസാഹിത്യ അധ്യാപകരുടെയും മലയാളഭാഷാസാഹിത്യ ഗവേഷണവിദ്യാർത്ഥികളുടെയും പഠനങ്ങൾ ഉൾപ്പെടുത്തി 'സാഹിത്യലോകം' ദ്വൈമാസികയുടെ ഒരു പ്രത്യേകപതിപ്പ് പ്രസിദ്ധീകരിക്കുന്നു. അക്കാദമികഗവേഷണത്തിന്റെ രീതിശാസ്ത്രം പാലിച്ചുകൊണ്ടും, രീതിശാസ്ത്രത്തെ ഗവേഷണവിഷയവുമായി ബന്ധപ്പെടുത്തിക്കൊണ്ടും തയ്യാറാക്കുന്ന പഠനങ്ങളാണ് പരിഗണിക്കുക. മലയാളഭാഷ, സാഹിത്യം, കേരളസംസ്കാരം എന്നീ വിഷയങ്ങളിലുള്ള പഠനങ്ങൾ മാത്രമേ സ്വീകരിക്കൂ. ഗവേഷണ വിദ്യാർത്ഥികളുടെ പഠനങ്ങൾ അവരുടെ മാർഗദർശി നിലവാരം പരിശോധിച്ച് തെരഞ്ഞെടുത്ത് സാക്ഷ്യപത്രത്തോടുകൂടി അയക്കേണ്ടതാണ്. അധ്യാപകർ നിലവിൽ ജോലിചെയ്യുന്നതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തണം. കോളേജ്/സർവ്വകലാശാല അധ്യാപകരെയും ഗവേഷണവിദ്യാർത്ഥികളെയും ഉദ്ദേശിച്ചുകൊണ്ടുള്ളതായതിനാൽ മറ്റുള്ളവർ പഠനങ്ങൾ അയക്കേണ്ടതില്ല. പഠനങ്ങളുടെ സാങ്കേതികവിവരങ്ങൾ: പേജ് മെയ്ക്കർ & പി.ഡി.എഫ് ഫയലിൽ ഐ.എസ്.എം-ലെ എം.എൽ.രേവതി ഫോണ്ട്; 11 പോയിന്റ് വലുപ്പം; പരമാവധി പേജ് 10, അവസാന തീയതി സെപ്റ്റംബർ 15

അയക്കേണ്ട വിലാസം : പത്രാധിപർ, സാഹിത്യലോകം ദ്വൈമാസിക, കേരള സാഹിത്യ അക്കാദമി, തൃശൂർ-680 020. ഇ.മെയിൽ keralasahityaakademi@gmail.com

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി